**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ എ . മോഹനൻ പിള്ള എന്നവരുടെ മകളും ആശ്രിതയുമായ കുമാരി . കാർത്തിക മോഹൻ - ആശ്രിത നിയമന പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ ജലസേചന വകുപ്പിൽ മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.**263/2021/തസ്വഭവ.** തീയതി, തിരുവനന്തപുരം **08/11/2021.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24.05.1999.

2) കുമാരി . കാർത്തിക മോഹന്റെ 10.06.2019-ലെ അപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019-ലെ PAN/10557/19-E14(DP) നമ്പർ കത്ത്.

4) കൊല്ലം ജില്ലാ കളക്ടറുടെ 19.08.2020-ലെ DCKLM/2048/2020-S4 നം.കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ എ . മോഹനൻ പിള്ള എന്നവരുടെ മകളും ആശ്രിതയുമായ കുമാരി . കാർത്തിക മോഹൻ സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതനായ എ . മോഹനൻ പിള്ളയ്ക്ക് 06 വർഷം 08 മാസം 03 ദിവസത്തെ സേവനകാലമുണ്ട്.

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ 04.04.2003 ലാണ് എ . മോഹനൻ പിള്ള നിര്യാതനായത്. അപേക്ഷകയായ കുമാരി . കാർത്തിക മോഹൻ പരേതന്റെ മകളാണ്. ടിയാരി നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 15.05.1999 ആണ്. അപേക്ഷകയ്ക്ക് 22 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എൽ.എസി, സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പരീക്ഷകൾപാസ്സായിട്ടുണ്ട്. ജലസേചന വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമനത്തിനായാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ എ . മോഹനൻ പിള്ളയുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ

സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ കുടുംബവാർഷിക വരുമാനം 4,55,000/-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കൊല്ലം ജില്ലാ കളക്ടറും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ എ . മോഹനൻ പിള്ള എന്നവരുടെ മകളും ആശ്രിതയുമായ കുമാരി . കാർത്തിക മോഹനന്റെ (മോഹനം, വടക്കുംതല പി.ഒ-, കരുനാഗപള്ളി, കൊല്ലം.-690 536)വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും, ടി നിയമനം ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിലും ജലസേചന വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

മരണമടഞ്ഞ എ . മോഹനൻ പിള്ളയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാരിക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**
**ഗവ.അഡിഷണൽ സെക്രട്ടറി**

കാർത്തിക മോഹൻ (മോഹനം, വടക്കുംതല പി.ഒ-, കരുനാഗപള്ളി,കൊല്ലം.-690 536)
(തപാൽ മുഖാന്തിരം)
ചീഫ് എൻജിനീയർ,(ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) പബ്ലിക്ക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം. (അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം.
ജില്ലാ കളക്ടർ, പത്തനംതിട്ട
ജലവിഭവ വകുപ്പ് .
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/187/19/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ